(ബി) അങ്കമാലി നഗരസഭയുടെ താഴെപ്പറയുന്ന പ്രോജക്കുകളാണ് അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. മാർക്കറ്റ് നവീകരണം (അടങ്കൽ 10 കോടി രൂപ)- ഡി.പി.ആർ. തയ്യാറാക്കുന്ന ഏജൻസി-കിറ്റ്കോ

2. ഇന്റഗ്രേറ്റഡ് ഡ്രെയിനേജ് ആന്റ് വേസ്റ്റ് വാട്ടർ മാനേജ്മെന്റ് പ്രോജക്ട് (അടങ്കൽ 50 കോടി രൂപ) ഡി.പി.ആർ.തയ്യാറാക്കുന്ന ഏജൻസി-ടാറ്റാ കൺസൾട്ടൻസി ലിമിറ്റഡ്, മുംബൈ.

(സി) മേൽപ്പറഞ്ഞ പദ്ധതികളുമായി ബന്ധപ്പെട്ട ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള ത്രികക്ഷി കരാറുകൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹൈമാസ്സ് ലാംബ്

121 (4156) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളായൂണിവേഴ്സിറ്റിക്ക് മുമ്പിലുള്ള ആശാൻ സ്ക്വയറിൽ മതിയായ വെളിച്ചം ഇല്ലാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എം.എൽ.എ. ഹോസ്റ്റലിന് മുമ്പിലും ആശാൻ സ്ക്വയറിലും മതിയായ വെളിച്ചമില്ലാത്തതിനാൽ എയർപോർട്ടിൽനിന്നും വി.വി.ഐ.പി. സഞ്ചരിച്ച വാഹനം ആശാൻ സ്ക്വയർ ചുറ്റിവരുന്നതിന് പകരം ദിശമാറി സഞ്ചരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എം.എൽ.എ. ഹോസ്റ്റലിന് മുമ്പിൽ വെളിച്ചമില്ലാത്ത ഈ ന്യൂനത പരിഹരിക്കുന്നതിനായി ആശാൻ സ്ക്വയറിൽ ഒരു ഹൈമാസ്സ് ലാംബ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സ്മാർട്ട് സിറ്റി പദ്ധതിയിൻകീഴിൽ വികസിപ്പിക്കുന്ന നഗരങ്ങൾ

122 (4157) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേന്ദ്രഗവൺമെന്റിന്റെ സ്മാർട്ട് സിറ്റി പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങൾ വികസിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ;

(ബി) ഏത് ഏജൻസിയാണ് പദ്ധതികൾ രൂപകല്പന ചെയ്തിരിക്കുന്നത്, ആദ്യഘട്ടത്തിൽ ഏതെല്ലാം നഗരങ്ങളെ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(സി) സംസ്ഥാനത്തെ നഗരങ്ങളിൽ സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതുണ്ട് ; ഇതിനകം സ്വീകരിച്ച നടപടികൾ ഏന്തെല്ലാം ;

(ഡി) പദ്ധതി തയ്യാറാക്കുന്നതിന്റെയും നടപ്പിൽ വരുത്തുന്നതിന്റെയും മുഖ്യ ഉത്തരവാദിത്തം ആർക്കാണ്, ആയതിനായി സജ്ജമാക്കിയ സംവിധാനങ്ങൾ എന്തൊക്കെ ;

(ഇ) ആദ്യഘട്ട സ്മാർട്ട് സിറ്റി പദ്ധതികൾ ഏത് വർഷത്തിനകം പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) നിലവിൽ സ്മാർട്ട് സിറ്റി പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സ്റ്റേറ്റ് ലെവൽ ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. പദ്ധതിയിൽ ഇടം നേടാൻ യോഗ്യതയുള്ള പട്ടണങ്ങളുടെ ഒരു കരട്ലിസ്റ്റ് തയ്യാറാക്കി കേന്ദ്ര നഗരകാര്യ വകുപ്പിന് സമർപ്പിക്കേണ്ടതുണ്ട്. മത്സരാധിഷ്ഠിതമായ പദ്ധതി തെരഞ്ഞെടുപ്പായതിനാൽ നൂറ് സീറ്റുകളിലൊന്നായി യോഗ്യത നേടുന്നതിന് മറ്റ് സംസ്ഥാനങ്ങൾ സമർപ്പിക്കുന്ന പദ്ധതികളുമായി മത്സരിക്കേണ്ടതുണ്ട്.

പദ്ധതി നടത്തിപ്പിനായി ഒരു സ്റ്റേറ്റ് ലെവൽ ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും ഒരു സ്റ്റേറ്റ്മിഷൻ ഡയറക്ടറേയും നോഡൽ ആഫീസറേയും നിയമിക്കുന്നതിനും നടപടികളും പദ്ധതിയിൽ മത്സരിക്കാൻ യോഗ്യതയുള്ള സംസ്ഥാനത്തെ പട്ടണങ്ങളുടെ ഒരു കരട് ലിസ്റ്റ് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി)

(ഇ) കാലപരിധി നിശ്ചയിച്ചിട്ടില്ല.

ഇ-മാലിന്യ നിർമ്മാർജ്ജനം

123 (4158) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-മാലിന്യ ശേഖരണവും റീ-സൈക്ലിംഗും നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഉപയോഗശൂന്യമായ ട്യൂബ് ലൈറ്റ്, സി.എഫ്.എൽ., എൽ.ഇ.ഡി. ടെലിവിഷൻ സെറ്റ് എന്നിവ ശേഖരിച്ച് നിർമ്മാർജ്ജനം/റീ-സൈക്ലിംഗ് നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇലക്ട്രോണിക് സാധനങ്ങൾ വില്പന/സർവ്വീസിംഗ് നടത്തുന്ന സ്ഥാപനങ്ങൾ മുഖേന ഇ-വേസ്റ്റ് ശേഖരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുകയും കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷ്യപത്രമുള്ള റീ-സൈക്ലിംഗ് ഏജൻസികളിലൂടെ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുന്നതിനുമുള്ള പ്രോജക്ടിനായി ടെന്ററുകൾ ക്ഷണിക്കുകയും സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വർഷങ്ങളായി സംസ്കരിക്കപ്പെടാതെ കിടക്കുന്ന ഇ-മാലിന്യങ്ങളും ദിവസേന പുറംതള്ളുന്ന ഇ-മാലിന്യങ്ങളും നിയമപ്രകാരമുള്ള ശാസ്ത്രീയമായ പുനഃചംക്രമണത്തിനും തുടർന്നുള്ള സംസ്കരണത്തിനുമുള്ള പദ്ധതിയുടെ ഭാഗമായി ഇതുവരെ സംസ്ഥാനത്ത് നിന്നും 110 ടൺ ഇ-മാലിന്യങ്ങൾ ശേഖരിക്കുകയും അവയുടെ പുനഃചംക്രമണത്തിനായുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly